പഞ്ചായത്തുകളിൽ പൗരസേവനങ്ങൾ വിരൽത്തുമ്പിൽ

30 (*300) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ പൗരസേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇതിനായി എന്തെല്ലാം സാങ്കേതിക വിദ്യകളാണ് പ്രയോജനപ്പെടുത്തുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇത് വഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ത്രിതല പഞ്ചായത്തുകളിൽ പൗരസേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിന് വിവര ക്രോഡീകരണം മുതൽ സാങ്കേതിക വിദ്യയുടെ ആലാമാലകൾ പരമാവധി ഒഴിവാക്കിയും ഉപഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയും ഭരണ നിർവ്വഹണ മേഖലയിൽ സുതാര്യതയും ഗതിവേഗവും വർദ്ധിപ്പിക്കുന്നതിന് ഉതകത്തക്കവിധത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും Wide Area Network (WAN) എന്ന കമ്പ്യൂട്ടർ ശൃംഖലയിൽ കൊണ്ടുവരികയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള വിവിധ ആഫീസുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി ബന്ധിപ്പിച്ച് അതിവിപുലമായ കമ്പ്യൂട്ടർ ശൃംഖല സംവിധാനമേർപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ വിവിധ സോഫ്റ്റ്വെയറുകൾ വികസിപ്പിച്ച് വിജയകരമായി വിന്യസിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. ഇത് കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി, കേരളത്തിലെ ഏതൊരു പൗരനും തദ്ദേശസ്വയംഭരണ വകുപ്പുമായി/സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഏത് വിവരവും,അപേക്ഷകളുടെയും പരാതികളുടെയും തൽസ്ഥിതി, സർക്കാർ ഉത്തരവുകൾ, ചട്ടങ്ങൾ, നിർദ്ദേശങ്ങൾ, ആനുകൂല്യങ്ങൾ, നികുതി സംബന്ധമായ വിവരങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെടുന്ന ഇൻഫർമേഷൻ കിയോസ്കുകൾ മുഖേന, തന്റെ വിദ്യാഭ്യാസ യോഗ്യതയനുസരിതമായി, ഏതു സമയത്തും സ്വന്തം വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്റർനെറ്റ് വെബ് ടെക്നോളജി, മൊബൈൽ സാങ്കേതികവിദ്യ, ടച്ച് സ്ക്രീൻ സാങ്കേതികവിദ്യ, ഡിജിറ്റൽ സിഗ്നേച്ചർ എന്നിവയാണ് ഇതിനായി ഉപയോഗിക്കുന്നത്.

(സി) ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ, അനുബന്ധ സർട്ടിഫിക്കറ്റുകൾ, കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ, ബിൽഡിംഗ് ഇ-പേയ്മെന്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ വിവരങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ നിജസ്ഥിതി അറിയൽ, ഗസറ്റ് വിവരങ്ങൾ, സർക്കാർ ഉത്തരവുകൾ, CPWD നിരക്കുകൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വാങ്ങുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ദിനാഘോഷങ്ങൾ, വകുപ്പിന്റെ വിവിധ എക്സിബിഷനുകൾ, പരിപാടികൾ എന്നിവയിലൂടെ തദ്ദേശസ്വയംഭരണ വകുപ്പിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രചരണം നൽകി വരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നെഹ്റു ജയന്തി സ്മാരക ഭവനനിർമ്മാണ സഹായം

31 (2997) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നെഹ്റു ജയന്തി സ്മാരകമായി ഭവന നിർമ്മാണ സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നുമുതലാണ് പദ്ധതി ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ധനസമാഹരണം എങ്ങനെയാണ് ലക്ഷ്യമിടുന്നതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം,നൽകുന്ന ധനസഹായം എന്നിവയും വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാദ്ധ്യതയാകാത്ത രീതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 9-2-2014-ലെ സ.ഉ. (സാധാ) നമ്പർ 3258/14/തസ്വഭവ ഉത്തരവ് പ്രകാരം ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ ധനസഹായം 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly